**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6556** **11-11-2021 - ൽ മറുപടിയ്ക്ക്**

**കർഷക കൂട്ടായ്മകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ശാന്തകുമാരി കെ.** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ കാർഷിക മേഖലയിൽ സ്വീകരിച്ചിട്ടുള്ള നയങ്ങളും നിലപാടുകളും പ്രസ്തുത മേഖലയിൽ സൃഷ്ടിച്ചിട്ടുള്ളതായി പറയപ്പെടുന്ന അരക്ഷിതാവസ്ഥയും സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന കനത്ത മഴയും പ്രകൃതി ദുരന്തങ്ങളും കാർഷിക മേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര നയങ്ങളും നിലപാടുകളും കേരള സർക്കാരിന്റെ ഇടപെടൽമൂലം കർഷകരെ നേരിട്ട് ബാധിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന കനത്ത മഴയും പ്രകൃതി ദുരന്തങ്ങളും കാർഷിക മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. ഉല്പാദന നഷ്ടം, അടിസ്ഥാന സൗകര്യത്തിൽ വന്ന നാശ നഷ്ടങ്ങൾ, അധികരിച്ച തൊഴിൽ ദിനങ്ങൾ എന്നിവ കാരണം കർഷകരുടെ വരുമാനം 2022 വർഷത്തോടെ ഇരട്ടിയാക്കണമെന്ന ലക്ഷ്യത്തിലെത്താൻ നമുക്ക് സാധിച്ചിട്ടില്ല. കൃഷി നാശത്തിനു നഷ്ടപരിഹാരമായി കൂടുതൽ തുക നീക്കി വെക്കേണ്ടത് കാരണം വികസനത്തിനുള്ള ഫണ്ടിൽ ആനുപാതികമായി കുറവും ഉണ്ടായി. |
| (ബി) | സംസ്ഥാനത്തെ കാർഷിക വൃത്തിയുടെ സമഗ്രമായ പരിഷ്കരണം, വികസനം എന്നിവയ്ക്ക് ഉതകുന്നതരത്തിൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കർഷക തൊഴിലാളികൾക്ക് അധിക കൂലി ലഭ്യമാക്കുന്നതിനുമായി കർഷക കൂട്ടായ്മകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില ആദായകരമായി നിലനിർത്തുന്നതിനും ഉത്പന്നങ്ങളുടെ സൂക്ഷിപ്പ് കാലയളവ് വർദ്ധിപ്പിക്കുന്നതിനുമായി ഉത്പന്നങ്ങൾ സംസ്കരിച്ചും മൂല്യവർദ്ധനവ് നടത്തുന്നതിനും കർഷകർക്ക് Promotion of MSME പദ്ധതി പ്രകാരം അവർ നടത്തുന്ന ഉത്പന്ന സംസ്കരണ- മൂല്യവർദ്ധന സ്ഥാപനങ്ങൾക്ക് പരമാവധി 50 ലക്ഷം വരെ സബ്സിഡി നൽകുന്നു. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് എസ്.എഫ്.എ.സി. കേരള വഴിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പാക്കുന്നത്. 1. സൂക്ഷ്മ തല സംരംഭം - 25 ലക്ഷം രൂപവരെയുള്ള സംരംഭം - 50% പരമാവധി 10 ലക്ഷം വരെ സബ്സിഡി 2. ചെറുകിട സംരംഭം - 25 ലക്ഷം മുതൽ 1 കോടി |

വരെയുള്ള സംരംഭം - 40% പരമാവധി 25 ലക്ഷം വരെ സബ്സിഡി 3. ഇടത്തരം സംരംഭം - 1 കോടി മുതൽ 5 കോടി വരെ - 30% പരമാവധി 50 ലക്ഷം വരെ സബ്സിഡി. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി.യ്ക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിൽ 13 എഫ്.പി.ഒ കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. പുതിയ 37 എഫ്.പി.ഒ കളെയും, 50 നിലവിലുള്ള എഫ്.പി.ഒ കളെയും തിരഞ്ഞെടുക്കുവാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ വി.എഫ്.പി.സി.കെ മുഖേന 33 എഫ്.പി.ഒ കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ 10000 എഫ്.പി.ഒ. രൂപീകരണ പദ്ധതി പ്രകാരം 44 എഫ്.പി.ഒ.കൾ കേരളത്തിൽ ആരംഭിക്കുന്നതിൽ 28 എണ്ണം ഇതിനകം രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ ജൈവകൃഷിയിൽ അടിസ്ഥാനപ്പെടുത്തി 2 എഫ്.പി.ഒ.കളും ആരംഭിക്കുന്നു. സംസ്ഥാന സർക്കാരിന്റെ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന രൂപീകരിക്കുന്ന എഫ്.പി.ഒ കളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് കാർഷിക വ്യാപാര പ്രോത്സാഹന ഏജൻസികളെ നിയോഗിച്ചിട്ടുണ്ട്. കർഷക കൂട്ടായ്മകൾ വഴി ഉല്പാദിപ്പിച്ചെടുക്കുന്ന മൂല്യ വർദ്ധിത ഉല്പന്നങ്ങൾ APEDA യുടെ സഹായത്തോടെ ആഗോള വിപണനത്തിനും സൗകര്യമൊരുക്കി കൊടുക്കുന്നതിനും കർഷക ഉൽപ്പാദക സംഘടനകൾ മൂലം കഴിയുന്നു. ഇത്തരത്തിൽ RKVY പദ്ധതി പ്രകാരം 50 പുതിയ കർഷക ഉൽപ്പാദക സംഘടനകൾക്കും 50 കർഷക ഉൽപ്പാദക സംഘടനകളുടെ ശാക്തീകരണത്തിനുമാണ് എഫ്.പി.ഒ. പദ്ധതി ലക്ഷ്യമിട്ടുന്നത്. ഇതിന്റെ ഭാഗമായി അപേഡയുമായി സഹകരിച്ച് വി.എഫ്.പി.സി.കെ., കൃഷി വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, ജില്ലകളിൽ വാഴപ്പഴവും അനുബന്ധ ഉല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നതിനായി മൂന്ന് കർഷക ഉല്പാദക കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. കര-കടൽ മാർഗ്ഗം ലണ്ടൻ, കുവൈത്ത്, സിംഗപ്പൂർ, ദുബായ് എന്നീ രാജ്യങ്ങളിലേയ്ക്ക് 45 മെട്രിക് ടൺ വാഴപ്പഴവും പച്ചക്കറികളും വി.എഫ്.പി.സി.കെയുടെ

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ കയറ്റുമതി ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. തൃശ്ശൂർ, വയനാട് പായ്ക്ക് ഹൗസുകളുടെ സഹായത്തോടെ കൂടുതൽ കയറ്റുമതി ഓർഡറുകൾ പ്രതീക്ഷിക്കുന്നു. കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിന് കൂടാതെ കർഷകരിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനുമായി എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഇൻകുബേഷൻ സെന്ററുകൾ തുടങ്ങുന്നതിനും വി.എഫ്.പി.സി.കെ.യ്ക്ക് ആർ.കെ.വി.വൈ പദ്ധതിയിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കർഷക കൂട്ടായ്മകൾ വഴി കാർഷികോല്പന്നങ്ങളുടെ പ്രാദേശിക വിപണിയും കേന്ദ്രീകൃത സംഭരണവും ഉറപ്പാക്കി മൂല്യവർദ്ധിത ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആഗോള വിപണന സൗകര്യമൊരുക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില ആദായകരമായി നിലനിർത്തുന്നതിനും ഉത്പന്നങ്ങളുടെ സൂക്ഷിപ്പ് കാലയളവ് വർദ്ധിപ്പിക്കുന്നതിനുമായി ഉത്പന്നങ്ങൾ സംസ്കരിച്ചും മൂല്യവർദ്ധനവ് നടത്തുന്നതിനും കർഷകർക്ക് Promotion of MSME പദ്ധതി പ്രകാരം അവർ നടത്തുന്ന ഉത്പന്ന സംസ്കരണ- മൂല്യവർദ്ധന സ്ഥാപനങ്ങൾക്ക് പരമാവധി 50 ലക്ഷം വരെ സബ്സിഡി നൽകുന്നു. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് എസ്.എഫ്.എ.സി. കേരള വഴിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പാക്കുന്നത്. 1. സൂക്ഷ്മ തല സംരംഭം - 25 ലക്ഷം രൂപവരെയുള്ള സംരംഭം - 50% പരമാവധി 10 ലക്ഷം വരെ സബ്സിഡി 2. ചെറുകിട സംരംഭം - 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം - 40% പരമാവധി 25 ലക്ഷം വരെ സബ്സിഡി 3. ഇടത്തരം സംരംഭം - 1 കോടി മുതൽ 5 കോടി വരെ - 30% പരമാവധി 50 ലക്ഷം വരെ സബ്സിഡി. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി.യ്ക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിൽ 13 എഫ്.പി.ഒ കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. പുതിയ 37 എഫ്.പി.ഒ കളെയും, 50 നിലവിലുള്ള എഫ്.പി.ഒ കളെയും തിരഞ്ഞെടുക്കുവാനുള്ള പ്രവർത്തനങ്ങൾ അവസാന |

| | | | | |
|---|---|---|---|---|
| | | | | ഘട്ടത്തിലാണ്. കൂടാതെ വി.എഫ്.പി.സി.കെ മുഖേന 33 എഫ്.പി.ഒ കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ 10000 എഫ്.പി.ഒ. രൂപീകരണ പദ്ധതി പ്രകാരം 44 എഫ്.പി.ഒ.കൾ കേരളത്തിൽ ആരംഭിക്കുന്നതിൽ 28 എണ്ണം ഇതിനകം രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ ജൈവകൃഷിയിൽ അടിസ്ഥാനപ്പെടുത്തി 2 എഫ്.പി.ഒ.കളും ആരംഭിക്കുന്നു. സംസ്ഥാന സർക്കാരിന്റെ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന രൂപീകരിക്കുന്ന എഫ്.പി.ഒ കളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് കാർഷിക വ്യാപാര പ്രോത്സാഹന ഏജൻസികളെ നിയോഗിച്ചിട്ടുണ്ട്. കർഷക കൂട്ടായ്മകൾ വഴി ഉല്പാദിപ്പിച്ചെടുക്കുന്ന മൂല്യ വർദ്ധിത ഉല്പന്നങ്ങൾ APEDA യുടെ സഹായത്തോടെ ആഗോള വിപണനത്തിനും സൗകര്യമൊരുക്കി കൊടുക്കുന്നതിനും കർഷക ഉൽപ്പാദക സംഘടനകൾ മൂലം കഴിയുന്നു. ഇത്തരത്തിൽ RKVY പദ്ധതി പ്രകാരം 50 പുതിയ കർഷക ഉൽപ്പാദക സംഘടനകൾക്കും 50 കർഷക ഉൽപ്പാദക സംഘടനകളുടെ ശാക്തീകരണത്തിനുമാണ് എഫ്.പി.ഒ. പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി അപേഡയുമായി സഹകരിച്ച് വി.എഫ്.പി.സി.കെ., കൃഷി വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, തൃശൂർ, വയനാട്, ജില്ലകളിൽ വാഴപ്പഴവും അനുബന്ധ ഉല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നതിനായി മൂന്ന് കർഷക ഉല്പാദക കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. കര-കടൽ മാർഗ്ഗം ലണ്ടൻ, കുവൈത്ത്, സിംഗപ്പൂർ, ദുബായ് എന്നീ രാജ്യങ്ങളിലേയ്ക്ക് 45 മെട്രിക് ടൺ വാഴപ്പഴവും പച്ചക്കറികളും വി.എഫ്.പി.സി.കെയുടെ നേതൃത്വത്തിൽ കയറ്റുമതി ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. തൃശ്ശൂർ, വയനാട് പായ്ക്ക് ഹൗസുകളുടെ സഹായത്തോടെ കൂടുതൽ കയറ്റുമതി ഓർഡറുകൾ പ്രതീക്ഷിക്കുന്നു. കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിന് കൂടാതെ കർഷകരിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനുമായി എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഇൻകുബേഷൻ സെന്ററുകൾ തുടങ്ങുന്നതിനും വി.എഫ്.പി.സി.കെ.യ്ക്ക് ആർ.കെ.വി.വൈ പദ്ധതിയിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ